# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07-03-2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ പശ്ചിമ ബംഗാൾ സന്ദർശനത്തിന് ഇന്ന് തുടക്കമാകും; ഡാർജിലിംഗ് ഹിൽ ഫെസ്റ്റിവൽ രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

**President Draupadi Murmu's visit to West Bengal will begin today; President to inaugurate Darjeeling Hill Festival.**

2) കൃഷിയിൽ സാങ്കേതിക സംസ്കാരം കൊണ്ടുവരാൻ സർക്കാർ ഏറെ മുൻഗണന നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Government is giving top priority to bringing technological culture in agriculture, says PM Narendra Modi.**

3) രാജ്യം ഉടൻ നക്സലിസത്തിൽ നിന്ന് മുക്തമാകുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ.

**Nation will soon be free from Naxalism, says Union Home Minister Amit Shah.**

4) പശ്ചിമേഷ്യൻ സംഘർഷം രൂക്ഷമായി തുടരുന്നു; ഇറാനുമായി യാതൊരു ഒത്തുതീർപ്പിനും തയ്യാറല്ലെന്ന് യുഎസ് പ്രസിഡന്റ്; മേഖലയിലെ സുസ്ഥിരമായ സമാധാനത്തിന് പ്രതിജ്ഞാബദ്ധമെന്ന് ഇറാൻ പ്രസിഡന്റ്.

**The conflict situation continues in West Asia; US President says no compromise with Iran; Iran is committed to lasting peace in the region says Iran President.**

5) കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ അവലോകനം ചെയ്യ്ത് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

**ECI reviews poll preparedness for forthcoming Assembly Elections in Kerala.**

6) ഐസിസി പുരുഷ ടി 20 ലോകകപ്പ് കലാശ പോരാട്ടത്തിൽ ഇന്ത്യ നാളെ ന്യൂസിലൻഡിനെ നേരിടും.

**India will face New Zealand in ICC Men's T20 World Cup final tomorrow.**

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## PREZ WB VISIT

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്നും നാളെയും പശ്ചിമ ബംഗാൾ സന്ദർശിക്കും. വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ഡാർജിലിംഗ് ഹിൽ ഫെസ്റ്റിവൽ ഇന്ന് രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. ഡാർജിലിംഗിലെ ലോക് ഭവനിൽ 'റൂട്ട് & റിഥംസ്' എന്ന പ്രദർശനത്തിൻറെ ഉദ്ഘാടനവും ശ്രീമതി മുർമു നിർവഹിക്കും. ഖരഗ് പൂർ IITയിൽ വനിതാ നേതൃത്വത്തെയും ശാക്തീകരണത്തെയും കുറിച്ചുള്ള പ്ലാറ്റിനം ജൂബിലി ഫ്ലാഗ്ഷിപ്പ് പരിപാടിയും രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. 9-ാമത് അന്താരാഷ്ട്ര സന്താൽ സമ്മേളനത്തിലും രാഷ്ട്രപതി പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## MORN PM-WEBINAR AGRICULTURE

ഇന്ത്യയുടെ വൈവിധ്യമാർന്ന കാലാവസ്ഥാ സാഹചര്യങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്തി ഉൽപ്പാദനക്ഷമതയും കയറ്റുമതിയും വർധിപ്പിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തെ കാർഷിക ഉൽപ്പന്നങ്ങൾ ആഗോളതലത്തിൽ മത്സരാധിഷ്ഠിതമാക്കുന്നതിന് ഉയർന്ന മൂല്യമുള്ള വിള ഉൽപന്നങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയും ശ്രീ മോദി പറഞ്ഞു. 'കൃഷിയും ഗ്രാമീണ പരിവർത്തനവും' എന്ന വിഷയത്തിൽ ബജറ്റാനന്തര വെബിനാറിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കൃഷിയിൽ ഒരു 'സാങ്കേതിക സംസ്കാരം' കൊണ്ടുവരുന്നതിൽ സർക്കാർ ഏറെ മുൻഗണന നൽകുന്നുവെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## SHAH-ODISHA PROJECTS (intro)

നക്സലിസത്തെ ഇല്ലാതാക്കാൻ കേന്ദ്രസർക്കാർ ശ്രമങ്ങൾ ഊർജിതമാക്കിയിട്ടുണ്ടെന്നും ഈ മാസം അവസാനത്തോടെ രാജ്യം

നക്സലിസത്തിൽ നിന്ന് മുക്തമാകുമെന്നും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ. നക്സൽ ബാധിത പ്രദേശങ്ങളിൽ വികസനം ത്വരിതപ്പെടുത്തുന്നതിനും ആദിവാസി സമൂഹങ്ങൾക്ക് വികസന പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണെന്നും അദ്ദേഹം പറഞ്ഞു. ഒഡീഷയിലെ ഭുവനേശ്വറിൽ നടന്ന സഹകരണ വികസന സെമിനാറിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

**(ഹോൾഡ് വോയ്സ്)**

ഒഡീഷയിൽ 3,770 കോടിയിലധികം രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും ശ്രീ അമിത്ഷാ നിർവഹിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## NT. WAR-WEST ASIA UPDATES-2

പശ്ചിമേഷ്യൻ സംഘർഷം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ ഇറാനുമായി യാതൊരു ഒത്തുതീർപ്പിനും തയ്യാറല്ലെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് . നിരുപാധികം കീഴടങ്ങിയാൽ ഇറാനെ സാമ്പത്തികമായി പുനർനിർമ്മിക്കാൻ അമേരിക്കയും സഖ്യകക്ഷികളും സഹായിക്കുമെന്ന് ട്രംപ് പറഞ്ഞു. അടുത്ത നാല് മുതൽ ആറ് ആഴ്ചയ്ക്കുള്ളിൽ ഇറാന്റെ വ്യോമാതിർത്തി പൂർണ്ണമായും നിയന്ത്രണത്തിലാക്കുമെന്നും യുഎസ് വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലീവിറ്റ് അവകാശപ്പെട്ടു. അതേസമയം, സംഘർഷം പരിഹരിക്കാൻ ചില രാജ്യങ്ങൾ മധ്യസ്ഥശ്രമങ്ങൾ തുടങ്ങിയതായി ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാൻ പറഞ്ഞു. മേഖലയിൽ സുസ്ഥിരമായ സമാധാനത്തിന് ഇറാൻ പ്രതിജ്ഞാബദ്ധമാണെന്നും എന്നാൽ രാജ്യത്തിന്റെ അന്തസ്സും പരമാധികാരവും സംരക്ഷിക്കുന്നതിൽ വിട്ടുവീഴ്ചയില്ലെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## INDIA-IRAN SHIP

ഇറാനിയൻ പടക്കപ്പലിന് അഭയം നൽകി ഇന്ത്യ. കൊച്ചിയിലെ നാവിക സേനാ ആസ്ഥാനത്താണ് ഇറാനിയൻ കപ്പലായ ഐ ആർ ഐ എസ് ലാവൻ അടിയന്തരമായി ഡോക്ക് ചെയ്യാൻ അനുമതി നൽകിയത്. കപ്പലിലെ 183 ജീവനക്കാർക്ക് താമസ സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതിക തകരാറുകൾ കാരണമാണ്

കപ്പൽ കൊച്ചി തുറമുഖത്ത് അടുപ്പിച്ചത്. കഴിഞ്ഞ ഫെബ്രുവരി 28-ന് ഇറാൻ നൽകിയ അഭ്യർഥന പരിഗണിച്ചാണ് നടപടി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## MoPSW-MEETING

പശ്ചിമേഷ്യയിലെ സ്ഥിതിഗതികളുടെ സാഹചര്യത്തിൽ കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം നിരീക്ഷണവും തയ്യാറെടുപ്പും ശക്തിപ്പെടുത്തി. ഇന്ത്യൻ നാവികരെ സംരക്ഷിക്കുന്നതിലും, ഇന്ത്യൻ കപ്പലുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലും, സമുദ്ര വ്യാപാരത്തിൻ്റെ തുടർച്ച നിലനിർത്തുന്നതിനുമാണ് നടപടി. സാഹചര്യം അവലോകനം ചെയ്യുന്നതിനായി, മന്ത്രാലയ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഉന്നതതല അന്തർ മന്ത്രാലയ അവലോകന യോഗം നടന്നു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## GOVT-NEWS CHANNEL TRP

വാർത്താ ടിവി ചാനലുകളുടെ ടെലിവിഷൻ റേറ്റിംഗ് പോയിന്റുകൾ റിപ്പോർട്ട് ചെയ്യുന്നത് നാല് ആഴ്ചത്തേക്ക് നിർത്തിവയ്ക്കാൻ ബ്രോഡ്കാസ്റ്റ് ഓഡിയൻസ് റിസർച്ച് കൗൺസിലിന് കേന്ദ്ര സർക്കാർ നിർദ്ദേശം. ഇസ്രയേൽ-ഇറാൻ സംഘർഷം തുടരുന്നതിനിടയിൽ ചില ടിവി വാർത്താ ചാനലുകൾ ഭയം ഉണർത്തുന്നതും ഊഹാപോഹപരമായ ഉള്ളടക്കവും പ്രദർശിപ്പിക്കുന്നുണ്ടെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു. അത്തരം ഉള്ളടക്കങ്ങൾ പൊതുജനങ്ങളിൽ, പ്രത്യേകിച്ച് ദുരിതബാധിത പ്രദേശങ്ങളിലെ സുഹൃത്തുക്കളും കുടുംബാംഗങ്ങളുമുള്ളവരിലും അവിടെ താമസിക്കുന്നവരിലും പരിഭ്രാന്തി സൃഷ്ടിക്കാൻ സാധ്യതയുണ്ടെന്ന് മന്ത്രാലയം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## UN Chief-WEST ASIA WAR

പശ്ചിമേഷ്യയിൽ നടക്കുന്ന നിയമവിരുദ്ധ ആക്രമണങ്ങളെ ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് അപലപിച്ചു. എല്ലാ ആക്രമണങ്ങളും സാധാരണക്കാർക്ക് വലിയ ദുരിതം സൃഷ്ടിക്കുന്നുണ്ടെന്നും ആഗോള സമ്പദ്‌വ്യവസ്ഥയ്ക്ക്,

പ്രത്യേകിച്ച് ദുർബലരായവർക്ക് ഗുരുതരമായ അപകടസാധ്യത സൃഷ്ടിക്കുന്നുണ്ടെന്നും യുഎൻ സെക്രട്ടറി ജനറൽ പറഞ്ഞു.

## GOYAL-NDC (INTRO)

പ്രതിരോധ മേഖലയിലും ബഹിരാകാശ മേഖലയിലും രാജ്യത്തിന്റെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ അതിവേഗം വളരുകയാണെന്ന് കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ. ഡൽഹിയിലെ നാഷണൽ ഡിഫെൻസ് കോളേജിൽ നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ വളർച്ചയിൽ രാജ്യത്തിൻ്റെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആഗോള വിതരണ ശൃംഖലകളിലെ നവീകരണത്തെ സംയോജിപ്പിക്കുന്നതായും അദ്ദേഹം അഭിപ്രായപ്പെട്ടു.

(വോയിസ്....)

## LS-SPEAKER DISCUSSION

ലോക്സഭാ സ്പീക്കർ ഓം ബിർളയെ സ്പീക്കർ സ്ഥാനത്ത് നിന്ന് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടുള്ള പ്രമേയം മറ്റന്നാൾ ലോക്സഭ പരിഗണിക്കും. ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ഘട്ടത്തിനും അന്നേദിവസം തുടക്കമാകും. ബജറ്റ് സമ്മേളനത്തിന്റെ ആദ്യ ഘട്ടത്തിൽ, സ്പീക്കർ പക്ഷപാതപരമായി പെരുമാറി എന്ന് ആരോപിച്ച് പ്രതിപക്ഷം ലോക്സഭാ സെക്രട്ടറി ജനറലിന് അവിശ്വാസ നോട്ടീസ് നൽകിയിരുന്നു.

## JITENDRA SINGH-LAKSHADWEEP

ലക്ഷദ്വീപിലെ "ലോ ടെമ്പറേച്ചർ തെർമൽ ഡീസലൈനേഷൻ പ്ലാൻ്റ്" സന്ദർശിച്ച് കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ്; ദ്വീപ സമൂഹങ്ങളിലെ വിവിധ ഭാഗങ്ങളിൽ കുടിവെള്ളം എത്തിക്കുന്ന ശുദ്ധീകരണ ശാലകളുടെ പ്രവർത്തനം അദ്ദേഹം അവലോകനം ചെയ്തു. സമുദ്രോപരിതലത്തിലെ ചൂടുവെള്ളവും ഏകദേശം 400 മീറ്റർ വരെ ആഴത്തിലുള്ള തണുത്ത വെള്ളവും തമ്മിലുള്ള താപനില വ്യത്യാസം പ്രയോജനപ്പെടുത്തി കടൽവെള്ളത്തെ കുടിവെള്ളമാക്കി മാറ്റുന്ന സാങ്കേതിക വിദ്യയാണ് പ്ലാന്റിലുള്ളത്. ജലസുരക്ഷയിൽ സമുദ്ര സാങ്കേതികവിദ്യ നിർണ്ണായകമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ECI-KERALA (INTRO)

**കേരളത്തിൽ വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അവലോകനം ചെയ്തു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറും തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ സുഖ്ബീർ സിംഗ് സന്ധുവും വിവേക് ജോഷിയും ചേർന്ന് ഇന്നലെ കൊച്ചിയിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങളെക്കുറിച്ച് വിശദവും സമഗ്രവുമായ അവലോകനം നടത്തി. വിശദാംശങ്ങളിലേക്ക്...............**

**(വോയ്സ്)**

ദേശീയ തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്നലെ കേരളത്തിലെ രാഷ്ട്രീയ പാർട്ടികളുമായി കൂടിക്കാഴ്ച നടത്തി കേരളത്തിലെ വോട്ടർപട്ടിക പുതുക്കൽ പ്രക്രിയ സമാധാനപരമായും സുഗമമായും പൂർത്തിയാക്കിയ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടിയെ ഭൂരിഭാഗം രാഷ്ട്രീയ പാർട്ടികളും പ്രശംസിച്ചു. വോട്ടർപട്ടികപുതുക്കൽ തികച്ചും സുതാര്യമായ രീതിയിലാണ് നടന്നതെന്ന് തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പറഞ്ഞു. പേര് ചേർക്കുന്നതിനോ, ഒഴിവാക്കുന്നതിനോ, തിരുത്തലുകൾ വരുത്തുന്നതിനോ ആയി ഫോം 6/7/8 എന്നിവ ഇപ്പോഴും സമർപ്പിക്കാവുന്നതാണെന്ന് അദ്ദേഹം യോഗത്തിൽ അറിയിച്ചു. കൂടാതെ, 1950-ലെ ജനപ്രാതിനിധ്യ നിയമപ്രകാരം ജില്ലാ കളക്ടർക്കോ ചീഫ് ഇലക്ടറൽ ഓഫീസർക്കോ അപ്പീലുകൾ നൽകാവുന്നതാണ്. തിരഞ്ഞെടുപ്പ് വേളയിൽ പണത്തിന്റെ സ്വാധീനം, മദ്യവിതരണം, സൗജന്യങ്ങൾ നൽകൽ എന്നിവ തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കണമെന്ന് രാഷ്ട്രീയ പാർട്ടികൾ കമ്മീഷനോട് ആവശ്യപ്പെട്ടു. തെരഞ്ഞെടുപ്പ് അന്തരീക്ഷത്തെ ബാധിക്കുന്ന തരത്തിൽ നിർമ്മിത ബുദ്ധിയുടെയും വ്യാജ ഉള്ളടക്കത്തിന്റെയും ഉപയോഗത്തെക്കുറിച്ച് ചില പാർട്ടികൾ ആശങ്കകൾ ഉന്നയിച്ചു. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘനങ്ങൾ സംബന്ധിച്ച പരാതികൾ സമർപ്പിക്കുന്നതിന് ECINET പ്ലാറ്റ്ഫോമിലെ cVIGIL ഘടകം ഉപയോഗിക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ പറഞ്ഞു. കേരളത്തിലെ തിരഞ്ഞെടുപ്പ് മുഴുവൻ രാജ്യത്തിനും

മാത്രമല്ല ലോകത്തിനും ഒരു മാതൃകയാണെന്ന് ഉറപ്പാക്കാൻ CEC എല്ലാ രാഷ്ട്രീയ പാർട്ടികളോടും ആവശ്യപ്പെട്ടു.

**ന്യൂസ് ഡെസ്ക് ആകാശവാണി...**

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## Womens day

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് "നമ്മുടെ കേരളം സ്ത്രീപക്ഷ കേരളം" എന്ന മുദ്രാവാക്യവുമായി ജോയിൻ്റ് കൗൺസിൽ വനിതാ കമ്മിറ്റി സംസ്ഥാന വ്യാപകമായി ഇന്ന് "ഹാപ്പി വിമെൻ വനിതാ കൂട്ടായ്മകൾ സംഘടിപ്പിക്കും. സിവിൽ സർവീസസിലെ വനിതാ ജീവനക്കാരുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്തെ മുഴുവൻ ജില്ലാ കേന്ദ്രങ്ങളിലും വൈവിധ്യമാർന്ന വനിതാ ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് ഭാരവാഹികൾ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## CRICKET T20 WORLD CUP

ഐസിസി പുരുഷ ടി 20 ലോകകപ്പിന്റെ കലാശ പോരാട്ടത്തിൽ ഇന്ത്യ നാളെ ന്യൂസിലൻഡിനെ നേരിടും. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ രാത്രി 7 മണിക്കാണ് മത്സരം. ഇംഗ്ലണ്ടിനെതിരെ 7 റൺസ് വിജയം നേടി ഇന്ത്യ ഫൈനലിൽ എത്തിയപ്പോൾ ദക്ഷിണാഫ്രിക്കയെ 9 വിക്കറ്റിന് പരാജയപ്പെടുത്തിയാണ് ന്യൂസിലാൻഡ് ഫൈനലിൽ പ്രവേശിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## BADMINTON

ബ്രിമ്മിങ്ഹാമിൽ നടക്കുന്ന ഓൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ പുരുഷ സിംഗിൾസ് സെമി ഫൈനലിൽ പ്രവേശിച്ചു. ഇന്നലെ രാത്രി നടന്ന ക്വാട്ടർഫൈനൽ മത്സരത്തിൽ ചൈനീസ് താരം ലീ ഷിഫാങ്ങിനെ പരാജയപ്പെടുത്തിയാണ് ലക്ഷ്യ സെൻ സെമിയിൽ ഇടം നേടിയത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

❁❁❁❁❁❁❁❁❁❁❁❁❁❁❁

❁❁❁❁❁❁❁❁❁